പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1672 06.03.2017-ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണവകുപ്പുകളുടെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണവകുപ്പുകളുടെ ഏകീകരണം നടത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ച് കൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഏകീകരണം നടത്തുമ്പോൾ പൊതുസമൂഹത്തിന് ഉണ്ടാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | പൊതു സർവ്വീസ് രൂപീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവന സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ ലഭ്യത ഉറപ്പാക്കുവാനും, അതുവഴി പ്രാദേശിക ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി പൂർത്തീകരിക്കുവാനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഏകീകരണം എന്ന് യാഥാർത്ഥ്യമാകുമെന്നും, അതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (സി) | കരട് ചട്ടം 2017 ഡിസംബറോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബന്ധപ്പെട്ട സംഘടനകൾ, വകുപ്പ് അദ്ധ്യക്ഷന്മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകൾ എന്നിവരുമായി ചർച്ച ചെയ്ത് കരട് ചട്ടം രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾ തുടർന്നുവരുന്നു. |

Beena

സെക്ഷൻ ഓഫീസർ